ഓപ്പറേഷൻ കുബേര-സർക്കാർ ഉദ്യോഗസ്ഥർക്കെതിരെയുള്ള കേസ്സുകൾ

156 (7719) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ കുബേരയിൽ സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ;

(ബി) ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ട് പോലീസ് ഉദ്യോഗസ്ഥർക്കെതിരെ പരാതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെണ്ണം ;

(സി) പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ട് എത്ര കേസുകളിൽ അന്വേഷണം നടക്കുന്നു ?

ഉത്തരം

(എ) ഓപ്പറേഷൻ കുബേരയിൽ സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ 17 കേസ്സുകൾ രജിസ്റ്റർ ചെയ്തു.

(ബി) ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ട് പോലീസ് ഉദ്യോഗസ്ഥർക്കെതിരെ 14 പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി) പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ട് 6 കേസുകളിൽ അന്വേഷണം നടന്നുവരുന്നു.

ചില സഹകാര്യ ബാങ്കുകളിലെ റിക്കവറി നടപടി

157 (7720) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചില സഹകാര്യ ബാങ്കുകളിലെ റിക്കവറി നടപടികൾക്കായി ഗുണ്ടകളെ നിയോഗിച്ച് പ്രവർത്തനം നടത്തിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു തടയുവാൻ എന്തു നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) റിക്കവറി നടപടികൾക്കായി ഓരോ ബാങ്കുകളും നിയോഗിച്ചിട്ടുള്ള ഗുണ്ടകൾ ആരെല്ലാം എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഇത്തരം ബാങ്കുകളിൽ ഓരോന്നിലും നിയമിക്കപ്പെട്ട സ്റ്റാഫുകളുടെ എണ്ണം എത്ര ; അതിൽ റിക്കവറി നടപടികൾ കൈകാര്യം ചെയ്യുന്നവർ ആരെല്ലാം ; ശമ്പളവും കമ്മീഷനും പറ്റുന്ന ഗുണ്ടകൾ എന്നിവരുടെ ലിസ്റ്റ് കൈവശം ഉണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) ഇല്ലെങ്കിൽ ഇവ ശേഖരിക്കാൻ നടപടികൾ സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി-ഡി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഇ) സഹകാരൃ ബാങ്കുകൾ ഗുണ്ടാപ്രവർത്തനം നടത്തുന്നതായി ശ്രദ്ധയിൽപ്പെടുകയോ പരാതികൾ ലഭിക്കുകയോ ചെയ്താൽ ഇത്തരക്കാരെ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുന്നതും ടി ബാങ്കിലെ ഇതിനായി നിയോഗിക്കുന്ന ജീവനക്കാരുടെ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

കൊള്ളപ്പലിശ ഈടാക്കിയെന്ന് പരാതി പറഞ്ഞതിന്റെ പേരിൽ വീട്ടമ്മയും കുടുംബവും പ്രതികളുടെ ഭീഷണിയിൽ കഴിയുന്നതായ സംഭവം

158 (7721) ശ്രീ. എം. എ. ബേബി :
ശ്രീ. രാജു എബ്രഹാം :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഞ്ചലിൽ നടന്ന റൂറൽ എസ്.പിയുടെ അദാലത്തിൽ കൊള്ളപ്പലിശ ഈടാക്കി എന്ന് പരാതി പറഞ്ഞതിന്റെ പേരിൽ വീട്ടമ്മയും കുടുംബവും പ്രതികളുടെ ഭീഷണിയിൽ കഴിയുന്നതായ സംഭവവും തുടർറിപ്പോർട്ടുകളും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) വീട്ടമ്മയേയും കുടുംബത്തേയും ഭീഷണിപ്പെടുത്തിയ ആൾ കോൺഗ്രസ്സ് പ്രാദേശിക നേതാവാണോ ; ഇദ്ദേഹത്തിനെതിരെ കേസ്സെടുത്തിട്ടുണ്ടോ ;

(സി) സാമ്പത്തിക കുറ്റകൃത്യങ്ങളിലെ പ്രതിയും ഗുണ്ടാലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളയാളുമായ പ്രതിയെ പോലീസ് കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) പരാതിക്കാരിയായ വീട്ടമ്മയെ ഭീഷണിപ്പെടുത്തിയതായുള്ള പരാതിയുടെ അടിസ്ഥാനത്തിൽ ഏരൂർ പഞ്ചായത്ത് മെമ്പറും കോൺഗ്രസ് ബ്ലോക്ക് പ്രസിഡന്റുമായ ഏരൂർ സുബാഷിനെതിരെ ഏരൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 661/14 u/s 118 (d) of KP Act and 506(1) IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും പ്രതിയെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly